KERALA ELECTRICAL & ALLIED ENGG. CO. LTD., EDARIKODE

കെ.ഇ.പി.എ/26/ 224 /24 19.07.2024

**നോട്ടീസ്**

സംസ്ഥാന പൊതുമേഖല സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (കെൽ) യുടെ മലപ്പുറം ജില്ലയിലെ എടരിക്കോട് എന്ന സ്ഥലത്തു പ്രവർത്തിയ്ക്കുന്ന യൂണിറ്റിലേയ്ക്ക് താഴെ പറയുന്ന പ്രവർത്തികൾ, ദിവസേന (8 മണിക്കൂർ) 5 തൊഴിലാളികളെ ഉൾപ്പെടുത്തി, കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുവാൻ താല്പര്യമുള്ള കോൺട്രാക്ടർമാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

**പ്രവർത്തികൾ:**

1. അസംസ്കൃത വസ്തുക്കൾ വാഹനങ്ങളിൽ നിന്നും ഇറക്കി കമ്പനി നിർദേശിയ്ക്കുന്ന സ്ഥലത്തു വയ്ക്കുന്നതിനും കയറ്റി വിടുന്നതിനും.
2. നിർമ്മാണം പൂർത്തിയായ ഉൽപ്പന്നങ്ങൾ സുരക്ഷിതമായി പൊതിഞ്ഞ് കെട്ടുന്നതിനും വാഹനത്തിൽ കയറ്റി വിടുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനും അവ കയറ്റി വിടുന്നതിനും.
3. യന്ത്ര സാമഗ്രികളും മറ്റ് ഉപകരണങ്ങളും തുടച്ച് വൃത്തിയാക്കുക.
4. ഫാക്ടറി, സ്റ്റോർ, ജനറേറ്റർ റൂം, മുറ്റം എന്നിവിടങ്ങൾ തൂത്ത് വൃത്തിയാക്കൽ, കെട്ടിടങ്ങൾക്ക് ചുറ്റും കള പറിച്ച് വൃത്തിയാക്കൽ, കെട്ടിടങ്ങളുടെ മട്ടുപ്പാവ് വൃത്തിയാക്കൽ, ജലസംഭരണികൾ വൃത്തിയാക്കൽ, കമ്പനിയ്ക്കകത്തെ ജനറൽ മെയിന്റനൻസ്, റിപ്പയർ ജോലികൾ, കുളിമുറി, ശുചിമുറി, കക്കൂസുകൾ എന്നിവ വൃത്തിയാക്കൽ.

മേൽപ്പറഞ്ഞ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുവാൻ താൽപ്പര്യമുള്ളവർ കരാർ കാലാവധിയായ 179 ദിവസത്തേയ്ക്ക് ലഭിയ്ക്കേണ്ട തുക, മറ്റ് നിബന്ധനകൾ എന്നിവ രേഖപ്പെടുത്തി 30.07.2024. നാലു മണിയ്ക്കു മുൻപായി ലഭിയ്ക്കത്തക്ക വിധത്തിൽ മുദ്ര വച്ച കവറിൽ താഴെപ്പറയുന്ന മേൽവിലാസത്തിൽ അയച്ചു തരുവാൻ താല്പര്യപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്ക് 0483- 2750421 എന്ന നമ്പറിൽ ബന്ധപ്പെടുക.

യൂണിറ്റ് ഹെഡ്
കെൽ, എടരിക്കോട്

യൂണിറ്റ് ഹെഡ്
കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്
പുതുപ്പറമ്പ് പി.ഒ.
കോട്ടക്കൽ
മലപ്പുറം- 676 501